**പതിനാലാം കേരള നിയമസഭ**
**ഒന്നാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2429 — 19.07.2016 ൽ മറുപടിയ്ക്ക്

**ആർ.ടി.ഒ ചെക്ക് പോസ്റ്റുകളിൽ വിജിലൻസ് റെയ്ഡ്**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. ബാബു | ശ്രീ.എ.കെ.ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | മുൻ സർക്കാരിന്റെ കാലത്ത് എത്ര ആർ.ടി.ഒ. ചെക്ക് പോസ്റ്റുകളിൽ വിജിലൻസ് റെയ്ഡ് നടത്തിയിട്ടുണ്ടെന്ന് വിശദമാക്കുമോ ; | (എ) | മോട്ടോർ വാഹന വകുപ്പിന്റെ 18 ചെക്ക് പോസ്റ്റുകളിൽ വിജിലൻസ് റെയ്ഡ് നടത്തിയിട്ടുണ്ട്. |
| (ബി) | ഇതിൽ എത്ര പേർക്കെതിരെ കേസ് ചാർജ്ജ് ചെയ്തിട്ടുണ്ട് ; വിശദാംശം നൽകുമോ; | (ബി) | 23 പേർക്കെതിരെ കേസ് ചാർജ്ജ് ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br>എം.വി.ഐ – 3<br>എ.എം.വി.ഐ – 13<br>ഓഫീസ് അറ്റൻഡന്റ് - 5<br>പാർട്ടൈം സ്വീപ്പർ -1<br>ഏജന്റ് - 1 |
| (സി) | പ്രസ്തുത റെയ്ഡിൽ, വിവിധ ചെക്ക് പോസ്റ്റുകളിൽ നിന്ന് അനധികൃതമായി പിടിച്ചെടുത്ത തുക എത്രയെന്ന് വ്യക്തമാക്കാമോ ; | (സി) | വിവിധ ചെക്ക് പോസ്റ്റുകളിൽ നിന്ന് 3,79,290/- രൂപ കണക്കിൽ പെടാത്ത തുകയായി പിടിച്ചെടുത്തിട്ടുണ്ട്. |
| (ഡി) | സംസ്ഥാനത്തെ മുഴുവൻ ആർ.ടി.ഒ. ചെക്ക് പോസ്റ്റുകളിലും സി.സി.ടി.വി. സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ? | (ഡി) | സംസ്ഥാനത്തെ എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളിലും, സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളിലും, 19 ചെക്ക് പോസ്റ്റുകളിലും സി.സി.ടി.വി. ക്യാമറകൾ സ്ഥാപിക്കുന്നതിന് കെൽട്രോൺ നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടുണ്ട്. ടി. നിർദ്ദേശങ്ങൾ മോട്ടോർ വാഹന വകുപ്പിൽ രൂപീകരിച്ച സാങ്കേതിക സമിതിയുടെ പരിഗണനയിലാണ്. സാങ്കേതിക സമിതിയുടെ അനുമതി ലഭ്യമാക്കി പദ്ധതി ഉടൻ തന്നെ നടപ്പിലാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ